9190
2/4/17

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി- എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള പ്രത്യേക ധനസഹായം- മൂന്നാം ഗഡു അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി ആർ എഫ്-ബി) വകുപ്പ്

ജി.ഒ.(എം.എസ്) നമ്പർ: 126/2017/റവ. തിരുവനന്തപുരം, തീയതി: 20/04/2017

<u>ഉത്തരവ്</u>

എൻഡോസൾഫാൻ ദുരിതബാധിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം വിതരണം ചെയ്യുവാൻ ബാക്കിയുള്ള പ്രത്യേക ധനസഹായത്തിന്റെ മൂന്നാം ഗഡു ആയി **56,76,00,000/- (അൻപത്തിയാറു കോടി എഴുപത്തിയാറു ലക്ഷം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായി വരുന്ന **56,76,00,000/- (അൻപത്തിയാറു കോടി എഴുപത്തിയാറു ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൌണ്ടിൽ നിന്നും തുക കാസർഗോഡ് ജില്ലാ കളക്ടർക്ക് നല്കേണ്ടതും കളക്ടർ തുക വിതരണം ചെയ്ത് വിവരം ഒരാഴ്ചക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

3. ടി തുക ഗവൺമെന്റ് ഓഫ് ഇന്ത്യ-യിൽ നിന്നും റീ-ഇംമ്പേഴ്സ് ചെയ്തുകിട്ടുവാൻ വേണ്ട നടപടികൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**പി . എച്ച് . കുര്യൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി.**

ജില്ലാ കളക്ടർ, കാസർഗോഡ്.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് / റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
ധനകാര്യ (ഫണ്ട്സ്) വകുപ്പ് / ഐ & പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
പകർപ്പ് : പൊതുഭരണ (എസ്.സി) വകുപ്പിന്. (23.03.2017 ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നമ്പർ 851 OA പ്രകാരം)
ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന്

<u>ഉത്തരവിൻ പ്രകാരം,</u>

സെക്ഷൻ ഓഫീസർ.